പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2830

20.06.2013 ൽ മറുപടിക്ക്

## പൊതുവിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ:<br>,, കെ.എൻ.എ. ഖാദർ:<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, എൻ. ഷംസുദ്ദീൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പൊതുവിതരണ ശൃംഖല കാര്യക്ഷമമാക്കാൻ എന്തൊക്കെ നിയന്ത്രണ സംവിധാനങ്ങളാണ് നിലവിലുളളതെന്ന് വിശദമാക്കുമോ; | (എ) പൊതുവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനായി പൊതുവിതരണ കേന്ദ്രങ്ങൾവഴി എ.പി.എൽ., ബി.പി.എൽ, എ.എ.വൈ. എന്നീ വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ട ഭക്ഷ്യധാന്യങ്ങൾ കൃത്യമായി വിതരണം നടക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നുണ്ട്. അതുപോലെ സപ്ലൈകോ വഴി 13 ഇനം സാധനങ്ങൾ പൊതുവിപണിയേക്കാൾ 50%മോ, അതിലധികമോ വിലക്കുറവിൽ നൽകുന്നുണ്ട്. അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അരിക്കട പദ്ധതിയിലൂടെ മട്ട, ജയ, കുറുവ, പച്ചരി എന്നിവ പൊതുവിപണിയേക്കാൾ ശരാശരി 40% മുതൽ 50% വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്യുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്നതിനായി ശക്തമായ പരിശോധനകളും റെയ്ഡും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നു എന്നുറപ്പ് വരുത്തുകയും പ്രതിമാസ ലഭ്യതയും വിലയും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിനായി എഫ്.എം.പി.ഡി.എസ്, സമ്പൂർണ്ണ കംപ്യൂട്ടർവത്ക്കരണം തുടങ്ങിയ പദ്ധതികൾക്കും രൂപം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റേഷൻ കട വഴിയുളള സാധനങ്ങളുടെ വിതരണം ക്രമരഹിതമാക്കി, കരിഞ്ചന്ത നടത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | റേഷൻകടയിലൂടെ വിതരണം നടത്തേണ്ട സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി ചില പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇവയ്ക്കെതിരെ പരിശോധന നടത്തി അവശ്യസാധന നിയമം, കേരള റേഷനിംഗ് ഓർഡർ എന്നിവ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എ.പി.എൽ, ബി.പി.എൽ. കാർഡുടമകൾക്ക് ഓരോ ആഴ്ചയിലും യൂണിറ്റടിസ്ഥാനത്തിൽ അർഹമായ റേഷൻ സാധനങ്ങളുടെ അളവും, വിലയും, അവ ഓരോ ആഴ്ചയിലും വിതരണം ചെയ്യേണ്ട അവസാന ദിവസങ്ങളും സംബന്ധിച്ച അറിയിപ്പ് മുൻകൂട്ടി ജനങ്ങൾക്ക് നല്കുകയും, റേഷൻ കടകളിൽ ആ വിവരം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്ത് ക്രമക്കേട് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഓരോ ആഴ്ചയിലും യൂണിറ്റ് അടിസ്ഥാനത്തിലല്ല റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത്. ഓരോ മാസത്തേയും ഓരോ കാർഡിനുമുളള പ്രതിമാസ വിഹിതം നിശ്ചയിച്ചും ഇത് മുൻകൂട്ടി അറിയിക്കുകയും റേഷൻകടകളിൽ ഈ വിവരം പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ